# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചവറ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P2/356/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 13/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചവറ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, കൊല്ലം
3.കാര്യാലയ പകർപ്പ്

നമ്പർ: KSA/KLM/P2/356/22 തീയ്യതി: 13/06/2022

## കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-11-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31-10-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യുറോയി.കെ.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിജി വർഗീസ്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി പ്രീത.എസ്.എസ്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ അനന്തനാരായണൻ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി റ്റി സിന്ധു,അസി.ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഡി പ്രസന്നൻപിള്ള | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീമതി. ഗ്രേസി സേവ്യർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 23-06-2019 |
| ശ്രീ.ജോയി റോഡ്സ് എസ്.എസ് | സെക്രട്ടറി | 24-06-2019 | 31-03-2020 |
| ശ്രീ. ബിന്ദുകൃഷ്ണ കുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജേഷ് കുമാർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 12-05-2019 |
| ശ്രീമതി ഷീല ആന്റണി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 13-05-2019 | 31-03-2020 |
| ശ്രീമതി ബബീന മറിയ വൈ | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. റുബൈദത്ത് | സൂപ്രണ്ട് താലൂക്ക് ആശുപത്രി നീണ്ടകര | 01-04-2019 | 31-03-2020 |
| ഡോ. കെ ലാലി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീകല ബി എസ് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഇന്ദു എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി അൽക്ക എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 30-04-2019 |
| ശ്രീമതി പ്രിയ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-05-2019 | 31-03-2020 |
| ശ്രീമതി സെമിന ബീഗം | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ അനിൽ കുമാർ ജി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 24-12-2019 |
| ശ്രീമതി ലത.പി.എൻ | വ്യവസായ വികസന ഓഫീസർ | 25-12-2019 | 05-02-2020 |
| ശ്രീ. സജീവ് കുമാർ | വ്യവസായ വികസന ഓഫീസർ | 06-02-2020 | 31-03-2020 |
| ഡോ. അനൂപ് എസ് | മെഡിക്കൽ ഓഫീസർ സി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | എച്ച് സി തെക്കുംഭാഗം | | |
| ഡോ. നീതുജലീൽ | മെഡിക്കൽ ഓഫീസർ സി എച്ച് സി ചവറ | 01-04-2019 | 22-06-2019 |
| ഡോ.മുഹമ്മദ് ജിജി | മെഡിക്കൽ ഓഫീസർ സി എച്ച് സി ചവറ | 23-06-2019 | 19-09-2019 |
| ഡോ.മംഗള.എസ് | മെഡിക്കൽ ഓഫീസർ സി എച്ച് സി ചവറ | 20-09-2019 | 29-02-2020 |
| ഡോ. നീതുജലീൽ | മെഡിക്കൽ ഓഫീസർ സി എച്ച് സി ചവറ | 01-03-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.Sindhu (Asst. Audit Officer, On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: S.S.Preetha (Audit Officer, On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: S.S.Preetha (Audit Officer, On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: S.S.Preetha (Audit Officer, On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 13-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: S.S.Preetha (Audit Officer, On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: T.Sindhu (Asst. Audit Officer, On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Biji Varghese (Audit Officer (HG), On 25-02-2022)<br>Last Updated By: Biji Varghese (Audit Officer (HG), On 25-02-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: S.S.Preetha (Audit Officer, On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: T.Sindhu (Asst. Audit Officer, On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: S.S.Preetha (Audit Officer, On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: S.S.Preetha (Audit Officer, On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 1-10 |
| 12 | പത്രങ്ങളിലെ പരസ്യം - ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല<br>Written By: T.Sindhu (Asst. Audit Officer, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 1-11 |
| 13 | കമ്പ്യൂട്ടർ, യു.പി.എസ് എന്നിവ ലഭ്യമാക്കിയില്ല. - ചെലവ് തുക തടസ്സം ചെയ്യുന്നു.<br>Written By: S.S.Preetha (Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 13-06-2022) | 1-12 |
| 14 | സി.എച്ച്.സി. ചവറ - മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: S.S.Preetha (Audit Officer, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 13-06-2022) | 1-13 |
| 15 | വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല<br>Written By: Anandanarayanan M (Asst. Audit Officer, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 13-06-2022) | 1-14 |
| 16 | കെൽട്രോൺ മുഖേന തുക നൽകിയെങ്കിലും പ്രിന്റർ ലഭിച്ചിട്ടില്ല<br>Written By: Anandanarayanan M (Asst. Audit Officer, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 13-06-2022) | 1-15 |

| | | |
|---|---|---|
| 17 | സ്കോളർഷിപ്പ് - അധികം തുക നല്കി<br>Written By: Biji Varghese (Audit Officer (HG), On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 1-16 |
| 18 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി<br>Written By: Biji Varghese (Audit Officer (HG), On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 1-17 |
| 19 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽനിന്ന് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് - 9518/- രൂപ അധികം നൽകി.<br>Written By: T.Sindhu (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 13-06-2022) | 1-18 |
| 20 | ബ്ലോക്ക് ഓഫീസ് കെട്ടിട നിർമ്മാണം - തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക നാളിതുവരെ തിരികെ നിക്ഷേപിച്ചിട്ടില്ല<br>Written By: T.Sindhu (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | 1-19 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അധികം തുക നല്കി<br>Written By: T.Sindhu (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 3-1 |
| 2 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽനിന്ന് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് - 9518/- രൂപ അധികം നൽകി.<br>Written By: T.Sindhu (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 13-06-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.Sindhu (Asst. Audit Officer, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.Sindhu (Asst. Audit Officer, On 28-02-2022)<br>Last Updated By: T.Sindhu (Asst. Audit Officer, On 28-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.Sindhu (Asst. Audit Officer, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.Sindhu (Asst. Audit Officer, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: T.Sindhu (Asst. Audit Officer, On 28-02-2022)<br>Last Updated By: T.Sindhu (Asst. Audit Officer, On 02-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.Sindhu (Asst. Audit Officer, On 28-02-2022)<br>Last Updated By: T.Sindhu (Asst. Audit Officer, On 28-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.Sindhu (Asst. Audit Officer, On 28-02-2022) | 4-8 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 04-06-2022) | |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.Sindhu (Asst. Audit Officer, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 13-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.Sindhu (Asst. Audit Officer, On 28-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

23.2.2019 തീയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.20 | 01.07.20 | - | - |

### 1-2.1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. ബാലൻസ് ഷീറ്റിൽ സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

2. ബാലൻസ്ഷീറ്റ് B-18 ഉൾപ്പെട്ടിട്ടുള്ള Advance To Implementing Agencies Deposit With Kerala Water Authority - 93,453/-രൂപയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

3. ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂളിലുൾപ്പെട്ടിട്ടുള്ള Grants, Funds & Contribution For Specific Purpose -Welfare Bodies-capital നീക്കിയിരിപ്പ് തുക 84,658/-രൂപയാണെന്നിരിക്കെ 83,986/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4. ബാലൻസ്ഷീറ്റ് ബി17 ഷെഡ്യൂൾ, ആർ.പി. 40(ബി) എന്നിവയിലെ ഇൻഡ്യൻ ബാങ്ക് മിസലേനിയസ് അക്കൗണ്ട് ക്യാഷ് ബുക്ക് ബാലൻസ് 1,60,231/-രൂപയ്ക്ക് പകരം 1,59,231/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു. എസ്.ബി.ടി. ചവറ കെ.എം.എം.എൽ ക്യാഷ് ബുക്ക് ബാലൻസ് 84,658/-രൂപയ്ക്ക് പകരം 83,986/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

5. ഐ.എ.വൈ ലോൺ തിരിച്ചടവ് പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസിൽ 55,942/-രൂപയാണ് കാണിച്ചിട്ടുള്ളത്. യഥാർത്ഥ കണക്കുകൾ പ്രകാരം 60,249/-രൂപയാണ് ഉള്ളത്.

6. ട്രഷറി ടി.എസ്.ബി അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് ബാലൻസ് 20,95,213/-രൂപയും ബാങ്ക് പത്രിക ബാലൻസ് 21,62,189/-രൂപയുമാണ്. ക്യാഷ് ചെയ്യപ്പെടാത്ത 66,976/-രൂപയുടെ റിക്കൺസിലിയേഷൻ ബോധ്യപ്പെട്ടിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,46,29,554/-രൂ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,97,45,668/-രൂ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14,518/-രൂ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,44,09,757/-രൂ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 3,98,15,132/- | 3,98,15,132/- | 2,65,85,149/- | 1,32,29,983/- | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്- എസ്.സി.പി | - | 1,34,89,000/- | 1,34,89,000/- | 1,00,10,282/- | 34,78,718/- | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 52,06,000/- | 52,06,000/- | 39,97,493/- | 12,08,507/- | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| TSC | 11,89,489/- | 42,298/- | 12,31,787/- | 0 | 12,31,787/- | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| നിർമ്മൽ പുരസ്കാരം | 14,69,242/- | 52,248/- | 15,21,490/- | 0 | 15,21,490/- | |

CSS, SSS ഫണ്ടിനങ്ങളുടെ വിവരങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലുൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (തുക) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (തുക) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 104 | 79832330/- | 66 | 40592000/- | - | 38 | 63.46% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.02.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക്പഞ്ചായത്ത് ജീവനക്കാരുടെ ചുമതലകൾ രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. സാംഖ്യ, മാനവൽ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. വരവിനങ്ങളുടെ രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല. ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം വൗച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വൗച്ചറുകളോടൊപ്പം സാംഖ്യ പേയ്മെന്റ് ഓർഡർ/വൗച്ചർ സൂക്ഷിക്കുന്നില്ല. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നു.

ആസ്തി രജിസ്റ്ററിൽ എഞ്ചിനീയറിംഗ് വിഭാഗം പ്രവൃത്തികളുടേയും, പർച്ചേസുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.09.2020 മുതൽ 25.09.2020 വരെ | 2020-21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.04.2019 | 2014-15 മുതൽ 2018-19 വരെ | 27.05.2019 |

1-11 പത്രങ്ങളിലെ പരസ്യം - ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവൺമെന്റ് ഉത്തരവ് G.O.(Rt) No.288/14/ I & PRD Dated 10-9-14 പ്രകാരം 15 ശതമാനം ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ ഈ ആനുകൂല്യം ഉപയോഗപ്പെടുത്തിയില്ല എന്ന് താഴെപ്പറയുന്ന പരസ്യചെലവുകൾ വ്യക്തമാക്കുന്നു.

| ക്രമ നമ്പർ | പത്രം / ഇൻവോയിസ് നമ്പർ | ബിൽ /വൗച്ചർ നമ്പർ , തീയതി | ബിൽ തുക (രൂപ) |
|---|---|---|---|
| 1 | കേരളകൗമുദി QLSCH14311/2.6.2019 | 1195920/21.6.2019 | 4800/- |
| 2 | കേരളകൗമുദി QLSCH144690/24.10.2019 | 0839233/21.11.2019 | 6400/- |
| 3 | കേരളകൗമുദി QLSCH142567/25.8.2019 | 0839233/21.11.2019 | 6400/- |
| 4 | കേരളകൗമുദി BLQLN00144603/10.12.2019 | 0839273/18.1.2020 | 6400/- |
| 5 | കേരളകൗമുദി BLQLN00144604/10.12.2019 | 0839273/18.1.2020 | 6400/- |
| 6. | കേരളകൗമുദി QLNSCH146413/7.1.20 | 0839296/18.2.2020 | 4800/- |
| 7. | കേരളകൗമുദി QLNSCH146720/26.1.20 | 0839296/18.2.2020 | 4800/- |
| 8. | കേരളകൗമുദി QLNSCH1467555/26.2.20 | 0839425/18.3.2020 | 6400/- |
| 9. | കേരളകൗമുദി QLNSCH1467556/26.2.20 | 0839425/18.3.2020 | 6400/- |
| | | ആകെ | 52800/- |

മേൽ പരസ്യങ്ങൾക്കൊന്നുംതന്നെ പ്രസ്തുത ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടില്ല. 52800/-

രൂപയുടെ 15% തുകയായ 7920/- രൂപയുടെ ഡിസ്കൗണ്ട് ലഭ്യമാക്കാതെ ബിൽ തുക അനുവദിച്ച് നൽകി.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടം സംഭവിച്ച തുക 7920/- രൂപ തുടർ ബില്ലുകളിൽ ക്രമീകരിക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.2/28.2.22

1-12 കമ്പ്യൂട്ടർ, യു.പി.എസ് എന്നിവ ലഭ്യമാക്കിയില്ല. - ചെലവ് തുക തടസ്സം ചെയ്യുന്നു.

പദ്ധതി- ക്ഷീരവികസന ഓഫീസിന് ഉപകരണങ്ങൾ
പ്രോജക്ട് നം- എസ്.ഒ.ഒ.79/2019-20
നിർവ്വഹണോദ്യോഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ- 1,00,000/-(പൊതുവിഭാഗം ഫണ്ട്.)
ചെലവ് – 91,102/-

37,545/-രൂപ (ബിൽ നമ്പർ 5/2019-20 തീയതി. 25.10.2019) കേരള ആർട്ടിസാൻസ് കോർപ്പറേഷൻ ലിമിറ്റഡിന് സ്റ്റീൽ ഫർണ്ണിച്ചർ വാങ്ങലിനായി ചെലവഴിക്കുകയും ഫർണ്ണിച്ചർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ബിൽ നമ്പർ 21/2019-20 തീയതി. 24.02.2020 പ്രകാരം 30,786/-,
ബിൽ നമ്പർ 22/2019-20 തീയതി. 24.02.2020 പ്രകാരം മാറിയ 22,771/- ഉൾപ്പെടെ 53,557/- രൂപ മാറി കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയിസ് നമ്പർ 14689/19-20 തീയതി. 29.01.2020 Up To 31.03.2020 പ്രകാരം ഡെസ്ക് ടോപ് കമ്പ്യൂട്ടറിന് 30,786/-രൂപയും, പ്രൊഫോർമ ഇൻവോയിസ് നമ്പർ 15372/19-20 തീയതി. 11.02.2020 Up To 31.05.2020 പ്രകാരം യു.പി.എസിന് 22,771/-(രൂപയും) എന്നാൽ നാളിതുവരെ കമ്പ്യൂട്ടർ, യു.പി.എസ് എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് കമ്പ്യൂട്ടർ, യു.പി.എസ് എന്നിവ നിലവിൽ ലഭ്യമല്ലായെന്നും ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് ലഭ്യമാക്കാമെന്ന് കെൽട്രോൺ അധികൃതർ അറിയിച്ചുവെന്നുമാണ്. ഈ സാഹചര്യത്തിൽ 53,557/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാക്കിടിയിനത്തിൽ ചെലവഴിച്ച 53,557/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം- 53557/-രൂപ
ഓഡിറ്റ് എൻക്വയറി. 8 /2019-20 തീയതി. 02.03.2022

1-13 സി.എച്ച്.സി. ചവറ - മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ചവറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ-ന് മരുന്ന് വാങ്ങൽ (പ്രോജക്ട് നമ്പർ എസ്.ഒ.ഒ 01/19-20) എന്ന പദ്ധതിക്കായി (മെയിന്റനൻസ് ഫണ്ട് -(റോഡിതരം) ) 4,00,000/-രൂപ അടങ്കൽ വകയിരുത്തി. ബിൽ നമ്പർ 1/19-20 തീയതി. 27.05.2019 പ്രകാരം ടി തുക മാറി മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കി. (പ്രൊഫോർമ ഇൻവോയിസ് നമ്പർ പി.ആർ.എഫ്.90/തീയതി. 22.05.2019) മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 6/2019-20 തീയതി. 28.02.2022

1-14 വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | നിർവഹണ ഏജൻസി | നൽകിയ തുക(രൂപ) | ബിൽ നമ്പർ / പ്രൊസീഡിംഗ്സ് നമ്പർ/ തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 135/20 MCFന് സ്ഥലം വാങ്ങൽ ബ്ലോക്ക് വിഹിതം | ചവറ ഗ്രാമ പഞ്ചായത്ത് | 5,00,000/- | 25/19-20/19-8-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 148/20 റോഡ് ടാറിംഗ് ബ്ലോക്ക് വിഹിതം | പൻമന ഗ്രാമ പഞ്ചായത്ത് | 2,00,000/- | 40/19-20 /14-10-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 226/20 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ബ്ലോക്ക് വിഹിതം | പൻമന ഗ്രാമ പഞ്ചായത്ത് | 2,00,000/- | 34/19-20/6-9-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 34/20 ആശ്രയ പദ്ധതി ബ്ലോക്ക് വിഹിതം | തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത്<br>ചവറ ഗ്രാമ പഞ്ചായത്ത് | 3,00,000/-<br>400000/- | 15/19-20/24-7-19<br>26/19-20 /30-8-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 43/20 പഠനമുറി- ബ്ലോക്ക് വിഹിതം | തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് | 5,00,000/- | 14/19-20/24-7-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 25/20 പാലിയേറ്റീവ് കെയർ പദ്ധതി- ബ്ലോക്ക് വിഹിതം | തെക്കുംഭാഗംഗ്രാമ പഞ്ചായത്ത്<br>പൻമനഗ്രാമ പഞ്ചായത്ത് | 1,00,000/-<br>1,00,000/- | 17/19-20/24-7-19<br>22/19-20/14-8-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | ചവറ ഗ്രാമ പഞ്ചായത്ത്<br>നീണ്ടകര ഗ്രാമ പഞ്ചായത്ത് | 1,00,000/-<br>1,50,000/- | 29/19-20 /30-8-19<br>43/19-20/15-11-19 | എന്നിവ ഹാജരാക്കിയിട്ടില്ല |
| 119/20 സ്കോളർഷിപ്പ്-ബ്ലോക്ക് വിഹിതം | തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത്<br>പൻമന ഗ്രാമ പഞ്ചായത്ത്<br>ചവറ ഗ്രാമ പഞ്ചായത്ത്<br>നീണ്ടകര ഗ്രാമ പഞ്ചായത്ത് | 1,50,000/-<br>3,00,000/-<br>3,00,000/-<br>2,50,000/- | 18/19-20/26-7-19<br>23/19-20/14-8-19<br>28/19-20 /30-8-19<br>44/19-20/15-11-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 21/20 ലൈഫ് മിഷൻ-ബ്ലോക്ക് വിഹിതം | ചവറ ഗ്രാമ പഞ്ചായത്ത്<br>ചവറ ഗ്രാമ പഞ്ചായത്ത്<br>പൻമന ഗ്രാമ പഞ്ചായത്ത് | 5,00,000/-<br>5,00,000/-<br>5,51,200/- | 30/19-20/4-9-19<br>31/19-20/4-9-19<br>37/19-20/27-9-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 130/20 ടോയിലെറ്റ് നവീകരണം-ബ്ലോക്ക് വിഹിതം | നീണ്ടകര ഗ്രാമ പഞ്ചായത്ത് | 2,50,000/- | 42/19-20/15-11-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 22/20 അംഗനവാടി പോഷകാഹാരം-ബ്ലോക്ക് വിഹിതം | തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത്<br>ചവറ ഗ്രാമ പഞ്ചായത്ത്<br>പൻമന ഗ്രാമ പഞ്ചായത്ത്<br>നീണ്ടകര ഗ്രാമ പഞ്ചായത്ത്<br>തേവലക്കര ഗ്രാമ പഞ്ചായത്ത്<br>തേവലക്കര ഗ്രാമ പഞ്ചായത്ത് | 2,00,000/-<br>4,00,000/-<br>3,00,000/-<br>3,00,000/-<br>66,978/-<br>52,022/- | 16/19-20/24-7-19<br>27/19-20/30-8-19<br>35/19-20/5-9-19<br>45/19-20/15-11-19<br>200211000119067<br>200211000119073 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 20/20 ലൈഫ് മിഷൻ-ബ്ലോക്ക് വിഹിതം | ചവറ ഗ്രാമ പഞ്ചായത്ത്<br>തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത്<br>നീണ്ടകര ഗ്രാമ | 24,76,522/-<br>9,57,110/-<br>5,38,374/- | 4/19-20/21-5-19<br>4/19-20/21-5-19<br>4/19-20/21-5-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ |

| | | | | |
|---|---|---|---|---|
| | പഞ്ചായത്ത്<br>തേവലക്കര ഗ്രാമ പഞ്ചായത്ത്<br>പൻമന ഗ്രാമ പഞ്ചായത്ത്<br>തേവലക്കര ഗ്രാമ പഞ്ചായത്ത്<br>ചവറ ഗ്രാമ പഞ്ചായത്ത്<br>പൻമന ഗ്രാമ പഞ്ചായത്ത് | <br>11,00,677/-<br><br>22,13,317/-<br><br>1,20,000/-<br><br>1,20,000/-<br><br>1,60,000/- | <br>4/19-20/21-5-19<br><br><br>4/19-20/21-5-19<br>200211000119065<br>200211000119072<br>200211000119061 | ഹാജരാക്കിയിട്ടില്ല |
| ആകെ | | 1,43,56,200/- | | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

മേൽ വിവരം സൂചിപ്പിച്ച കൊണ്ട് നല്കിയ എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തടസ്സപ്പെടുത്തുന്ന തുക - 1,43,56,200/-രൂപ

ഓഡിറ്റ് എൻക്വയറി നം .4/28-2-22

1-15 <u>കെൽട്രോൺ മുഖേന തുക നൽകിയെങ്കിലും പ്രിന്റർ ലഭിച്ചിട്ടില്ല</u>

പ്രോജക്റ്റ് നമ്പർ → 76/20

നിർവ്വഹണ ഉദ്യോഗസ്ഥൻ → വ്യവസായ വികസന ഓഫീസർ

ചെലവ് തുക → 49,618/- രൂപ

(ബിൽ നമ്പർ 1/19-20/27-12-19 )

എംപ്ലോയ്മെന്റ് ഫെസിലിറ്റേഷൻ സെന്ററിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റ് നമ്പർ 76/20 പ്രകാരം 49,618/- രൂപ (ബിൽ നമ്പർ 1/19-20/27-12-19) 27-12-19 ൽ കെൽട്രോണിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിരുന്നു. കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ TVM/ITBG/P1/RC/11462/19-20/18-11-19 പ്രകാരമുള്ള കമ്പ്യൂട്ടറും (മുഖവില 39,442/-രൂപ) പ്രൊഫോർമ ഇൻവോയ്സ് നമ്പർ TVM/ITBG /P1/RC/11461/19-20/18-11-19 പ്രകാരമുള്ള പ്രിന്ററും (മുഖവില 10,176/-രൂപ) ലഭിക്കുന്നതിനു വേണ്ടിയാണ് കെൽട്രോണിന് തുക നൽകിയത്. പ്രൊഫോർമ ഇൻവോയിസിൽ തുക കൈപ്പറ്റി 45 ദിവസത്തിനകം സപ്ലൈ ചെയ്യുന്നതാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും 2 വർഷം കഴിഞ്ഞിട്ടും പ്രിന്റർ ലഭിച്ചിട്ടില്ല. കമ്പ്യൂട്ടർ മാത്രമേ ലഭിച്ചിട്ടുള്ളൂ. IT വകുപ്പിന്റെ കേന്ദ്രീകൃത പ്രൊക്യൂർമെന്റ് പോർട്ടൽ ആയ Cprcs.kerala.gov.in-ൽ രജിസ്റ്റർ ചെയ്ത് നടപടിക്രമങ്ങൾ ചെയ്തിട്ടുള്ളതായതിനാൽ ഓർഡർ ക്യാൻസൽ ചെയ്യുന്നതിനും തുക ഈടാക്കുന്നതിനുമുള്ള സംവിധാനം പ്രയോജനപ്പെടുത്തി നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 28-2-22 ൽ നൽകിയ 7- നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ – "കെൽട്രോണുമായി നിരന്തരം ബന്ധപ്പെട്ടിട്ടും പ്രിന്റർ ലഭിച്ചിട്ടില്ലെന്നും പ്രിന്റർ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും"

അറിയിച്ചിട്ടുണ്ട്. തുടർനടപടിവിവരങ്ങൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 7/19-20, തീ. 28.2.22

1-16 സ്കോളർഷിപ്പ് - അധികം തുക നല്കി

പ്രോജക്ട് - (40/19-20) പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്
നിർവ്വഹണ ഉദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ
അടങ്കൽ - 1300000/-രൂ (വികസന ഫണ്ട് -എസ്. സി പി)
ചെലവ് – 1295000/-രൂ

2019-2020 വർഷം പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതിയിലെ ഗുണഭോക്താവായ ഗോപിക എസ്, ഗോപിക നിവാസ് എന്ന ജനറൽ നഴ്സിംഗ് വിദ്യാർത്ഥിക്ക് അർഹമായതിലും അധികം തുക നൽകിയിരിക്കുന്നു. സർ.ഉത്തരവ് (കൈ) നം 22/2018/തസ്വഭവ തീയതി 14-2-18 പദ്ധതി മാർഗ്ഗരേഖ പ്രകാരം ബിരുദ വിദ്യാർത്ഥികൾക്കും പോളിടെക്നിക്കുകാർക്കും മാത്രമാണ് 20000/-രൂപ നല്കാവുന്നത്. മറ്റെല്ലാ സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്കും 15000/-രൂപ വീതമാണ് അനുവദനീയം.

ജനറൽ നഴ്സിംഗ് വിദ്യാർത്ഥിയായ ഗോപിക എസ്-ന് 20000/-രൂപ ബിൽ നം 7/19-20 Dt 28/9/19 പ്രകാരം നല്കിയിട്ടുണ്ട്. ജനറൽ നഴ്സിംഗ് ബിരുദകോഴ്സ് അല്ലാത്തതിനാൽ 15000/- രൂപയ്ക്ക് മാത്രമാണ് അർഹതയുള്ളത് എന്നിരിക്കെ 5000/-രൂപ അധികം നല്കിയത് അംഗീകരിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി (നം 3/26-2-22) ക്ക് നല്കിയ മറുപടിയിൽ ജനറൽ നഴ്സിംഗ് മൂന്ന് വർഷ കോഴ്സ് ആയതിനാലാണ് 20000/-രൂപ നൽകിയതെന്നും തുക തിരിച്ചടയ്ക്കാൻ ഗോപികയ്ക്ക് കത്ത് നല്കിയെന്നും അറിയിച്ചിരിക്കുന്നു. നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയാണ് ഇതെന്ന് വ്യക്തമായിരിക്കെ 5000/-രൂപ പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. അധികം നല്കിയ 5000/-രൂപ നിരാകരിക്കുന്നു.
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക- 5000/-രൂപ

1-17 മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി

പ്രോജക്ട് നം - (40/19-20)
നിർവ്വഹണ ഉദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ
അടങ്കൽ - 1300000/-രൂ (വികസന ഫണ്ട് -എസ്. സി പി)
ചെലവ് – 1295000/-രൂ
സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് നം.സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി.14.2.2018, ഖ.7.2.6 പ്രകാരം മെറിറ്റോറിയസ് സ്കോളർഷിപ്പ് – ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി 2019-20 വർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ഒരേ വ്യക്തിക്കുതന്നെ ആനുകൂല്യം നൽകിയതായി കണ്ടെത്തിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി | UTR NO | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | ബിൽ ഐ.ഡി നം. |
|---|---|---|---|---|
| JAYASOORYA J , VALIYAKATTIL VILA VADAKKUMBHAGAM | 20000.00 | U000000721425466/01/10/2019 | Chavara Block Panchayat | 19030763071401360686 (Bill ID) |

| | | | | |
|---|---|---|---|---|
| 67304785974 | | | | |
| | 20000.00 | U000000743862142/06/12/2019 | Kollam District Panchayat | U000000760560240 |
| ആകെ | 40000/- | | | |

സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ജില്ലാ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയ ജയസൂര്യ ജെ എന്ന ഗുണഭോക്താവിന് ബ്ളോക്കിൽ നിന്നും ബിൽനം 7/19-20 Dt 28-9-19 പ്രകാരം 20000/- രൂപ നല്കിയിരിക്കുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം 9/2-3-22 ന് നല്കിയ മറുപടിയിൽ 2019-20 വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ല എന്നുള്ള ജില്ലാ പട്ടികജാതി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ജയസൂര്യ ജെ എന്ന ഗുണഭോക്താവിന് ആനുകൂല്യം നല്കിയത് എന്നാണ് വിശദീകരിച്ചിട്ടുള്ളത്. എന്നാൽ വെബ്സാംഖ്യയിൽ ബാങ്ക് അക്കൌണ്ട് വച്ച് പരിശോധിച്ചപ്പോൾ ടി ഗുണഭോക്താവിന് ജില്ലാ പഞ്ചായത്തിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പായി 20000/- രൂപ 2019-2020 വർഷം ലഭിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും വ്യക്തത വരുത്തി അധികം നല്കിയ 20000/- രൂപ ഗുണഭോക്താവിൽ നിന്ന് ഈടാക്കി ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നാണോ രണ്ടാമത് നൽകിയത് പ്രസ്തുത സ്ഥാപനത്തിൽ ഒടുക്കുവരുത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-18 ഗ്രാമലക്ഷ്മി മുദ്രാലയത്തിൽനിന്ന് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് - 9518/- രൂപ അധികം നൽകി.

സ്റ്റേഷനറി സാധനങ്ങളുടെ വില ഇനത്തിൽ 2018-19 ലെ ഇൻഡന്റ് പ്രകാരം 25450/-രൂപ ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ SBI പുതുശ്ശേരി ബ്രാഞ്ചിൽ ഉള്ള 57005416999-ാം നമ്പർ അക്കൗണ്ടിലേക്ക് ആർടിജിഎസ് ചെയ്തിട്ടുണ്ട്. (ചെക്ക് നം.1195937/8.7.19) ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ ജി എൽ എം 966/19-20 തീയതി 3.8.19 വിതരണ ലെറ്റർ പ്രകാരം 25450/-രൂപയിൽ 18908/-രൂപയാണ് രജിസ്റ്ററുകളുടെയും സ്റ്റേഷനറികളുടെയും ചെലവായി ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിലും 13.9.15 ലെ C 2243/15 നം കത്ത് പ്രകാരം നേരത്തേ നൽകാനുള്ളത് എന്ന നിലയിൽ 9518/-രൂപ തെറ്റായി കുറവ് വരുത്തിയിട്ടുണ്ട്. നിലവിൽ 2976/-രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. എന്നാൽ ഈ തുക 13.9.15 ൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് ഡി ഡി-യായി നൽകിയിട്ടുള്ളതായിരുന്നു. എന്നാൽ 9518/-രൂപയുടെ ഡി ഡി ലഭ്യമായിട്ടില്ല എന്നാണ് ഗ്രാമലക്ഷ്മി മുദ്രാലയം അറിയിച്ചിട്ടുള്ളത്. ഇതിനെ തുടർന്ന് പ്രസ്തുത ഡി ഡി യുടെ തുക പുതുക്കി നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്നും ബാങ്കിന് കത്ത് നൽകുകയും പ്രസ്തുത തുകയ്ക്കുള്ള ഡി ഡി ജനറൽ മാനേജർ, ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ പേർക്ക് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്.

ഫലത്തിൽ 9518/-രൂപ രണ്ട് പ്രാവശ്യം അനുവദിച്ച് നൽകിയതായി കാണുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് പ്രസ്തുത തുകയ്ക്കുള്ള ഡി ഡി പുതുക്കി നൽകുകയും ടി തുക 11.2.2020 ന് ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട് എന്നാണ്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഈ തുക വരവില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ആവർത്തിച്ച് നൽകിയ തുക തിരികെ ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.2/25.2.22

1-19 ബ്ലോക്ക് ഓഫീസ് കെട്ടിട നിർമ്മാണം - തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക

നാളിതുവരെ തിരികെ നിക്ഷേപിച്ചിട്ടില്ല

ബ്ലോക്ക് ഓഫീസ് കെട്ടിടത്തിനോട് ചേർന്ന് പുറകുവശത്തായി ഒറ്റ നിലയിലുള്ള കെട്ടിട വിപുലീകരണത്തിന്റെ ഭാഗമായി മണ്ണ് പരിശോധന ആവശ്യമാണെന്ന് 23.7.2019 ലെ കത്ത് പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ എസ് ജി ഡി ചവറ അറിയിച്ചതിന്റെ ഭാഗമായി സോയിൽ ഇൻവെസ്റ്റിഗേഷൻ/സ്ട്രക്ച്ചറൽ ഡിസൈനിങ് എന്നിവയ്ക്കായി 178500/-രൂപ തിരുവനന്തപുരം ഇൻഡസ്ട്രിയൽ ട്രെയിനിങ് കൺസൾട്ടൻസി ആൻഡ് സ്പോൺസേഡ് റിസർച്ച് കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ചെക്ക് നം.1195969/20.8.19) ബ്ലോക്ക് ഓഫീസ് വിപുലീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ടി തുക പ്രസ്തുത എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി തനത് ഫണ്ടിൽ തിരികെ നിക്ഷേപിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തിയതായും വ്യക്തമാകുന്നു. ടി പദ്ധതിയുടെ നിലവിലെ പുരോഗതിയും തുക തിരികെ തനത് ഫണ്ടിൽ ഒടുക്കു വരുത്താത്തത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് പഞ്ചായത്ത് കെട്ടിടത്തിനോട് ചേർന്ന് ഒറ്റ നിലയുള്ള കെട്ടിടം പണിയുന്നതിന് പകരം ഇപ്പോൾ ബ്ലോക്ക് പഞ്ചായത്ത് പഴയ കെട്ടിടം പൂർണ്ണമായും പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയുന്നതിന് തീരുമാനിക്കുകയും അതിന്റെ ഭാഗമായി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 4491600/- രൂപ അടങ്കൽ നിശ്ചയിച്ച് പ്രോജക്ട് വെച്ചിട്ടുണ്ട് എന്നുമാണ്. പ്രസ്തുത പ്രോജക്ടിൽ നിന്നും മണ്ണ് പരിശോധനയ്ക്ക് നൽകിയിട്ടുള്ള തുകയായ 1,78,500/-രൂപ തനത് ഫണ്ടിലേക്ക് തിരികെ നിക്ഷേ പിക്കുന്നതുമാണ് എന്നും മറുപടിയിൽ പരാമർശിക്കുന്നു.

മണ്ണ് പരിശോധന നടത്തിയ പദ്ധതി ഉപേക്ഷിക്കുകയും പുതിയ പദ്ധതി നാളിതുവരെ ആരംഭിക്കാതിരിക്കുകയും ചെയ്തതിനാൽ പുതുക്കിയ പദ്ധതിയിൽ മണ്ണ് പരിശോധന നടത്തിയ ചെലവ് തുകയും കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതും ഈ തുക തനത് ഫണ്ടിലേക്ക് തിരികെ നിക്ഷേപിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.1/25.2.22

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അധികം തുക നല്കി

പ്രോജക്ട് - (40/19-20) പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 1300000/-രൂ (വികസന ഫണ്ട് -എസ്. സി പി)

ചെലവ് – 1295000/-രൂ

2019-2020 വർഷം പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതിയിലെ ഗുണഭോക്താവായ ഗോപിക എസ്, ഗോപിക നിവാസ് എന്ന ജനറൽ നഴ്സിംഗ് വിദ്യാർത്ഥിക്ക് അർഹമായതിലും

അധികം തുക നൽകിയിരിക്കുന്നു. സർ.ഉത്തരവ് (കൈ) നം 22/2018/തസ്വഭവ തീയതി 14-2-18 പദ്ധതി മാർഗ്ഗരേഖ പ്രകാരം ബിരുദ വിദ്യാർത്ഥികൾക്കും പോളിടെക്നിക്കുകാർക്കും മാത്രമാണ് 20000/-രൂപ നല്കാവുന്നത്. മറ്റെല്ലാ സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്കും 15000/-രൂപ വീതമാണ് അനുവദനീയം.

ജനറൽ നഴ്സിംഗ് വിദ്യാർത്ഥിയായ ഗോപിക എസ്-ന് 20000/-രൂപ ബിൽ നം 7/19-20 Dt 28/9/19 പ്രകാരം നല്കിയിട്ടുണ്ട്. ജനറൽ നഴ്സിംഗ് ബിരുദകോഴ്സ് അല്ലാത്തതിനാൽ 15000/- രൂപയ്ക്ക് മാത്രമാണ് അർഹതയുള്ളത് എന്നിരിക്കെ 5000/-രൂപ അധികം നല്കിയത് അംഗീകരിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി (നം 3/26-2-22) ക്ക് നല്കിയ മറുപടിയിൽ ജനറൽ നഴ്സിംഗ് മൂന്ന് വർഷ കോഴ്സ് ആയതിനാലാണ് 20000/-രൂപ നൽകിയതെന്നും തുക തിരിച്ചടയ്ക്കാൻ ഗോപികയ്ക്ക് കത്ത് നല്കിയെന്നും അറിയിച്ചിരിക്കുന്നു. നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയാണ് ഇതെന്ന് വ്യക്തമായിരിക്കെ 5000/-രൂപ പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. അധികം നല്കിയ 5000/-രൂപ നിരാകരിക്കുന്നു.
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക- 5000/-രൂപ

### 3-2 ഗ്രാമലക്ഷ്മി മുദ്രാലയത്തിൽനിന്ന് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് - 9518/- രൂപ അധികം നൽകി.

സ്റ്റേഷനറി സാധനങ്ങളുടെ വില ഇനത്തിൽ 2018-19 ലെ ഇൻഡന്റ് പ്രകാരം 25450/-രൂപ ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ SBI പുതുശ്ശേരി ബ്രാഞ്ചിൽ ഉള്ള 57005416999-ാം നമ്പർ അക്കൗണ്ടിലേക്ക് ആർടിജിഎസ് ചെയ്തിട്ടുണ്ട്. (ചെക്ക് നം.1195937/8.7.19) ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ ജി എൽ എം 966/19-20 തീയതി 3.8.19 വിതരണ ലെറ്റർ പ്രകാരം 25450/-രൂപയിൽ 18908/-രൂപയാണ് രജിസ്റ്ററുകളുടെയും സ്റ്റേഷനറികളുടെയും ചെലവായി ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിലും 13.9.15 ലെ C 2243/15 നം കത്ത് പ്രകാരം നേരത്തേ നൽകാനുള്ളത് എന്ന നിലയിൽ 9518/-രൂപ തെറ്റായി കുറവ് വരുത്തിയിട്ടുണ്ട്. നിലവിൽ 2976/-രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. എന്നാൽ ഈ തുക 13.9.15 ൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് ഡി ഡി-യായി നൽകിയിട്ടുള്ളതായിരുന്നു. എന്നാൽ 9518/-രൂപയുടെ ഡി ഡി ലഭ്യമായിട്ടില്ല എന്നാണ് ഗ്രാമലക്ഷ്മി മുദ്രാലയം അറിയിച്ചിട്ടുള്ളത്. ഇതിനെ തുടർന്ന് പ്രസ്തുത ഡി ഡി യുടെ തുക പുതുക്കി നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്നും ബാങ്കിന് കത്ത് നൽകുകയും പ്രസ്തുത തുകയ്ക്കുള്ള ഡി ഡി ജനറൽ മാനേജർ, ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ പേർക്ക് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്.
ഫലത്തിൽ 9518/-രൂപ രണ്ട് പ്രാവശ്യം അനുവദിച്ച് നൽകിയതായി കാണുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് പ്രസ്തുത തുകയ്ക്കുള്ള ഡി ഡി പുതുക്കി നൽകുകയും ടി തുക 11.2.2020 ന് ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട് എന്നാണ്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഈ തുക വരവില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ആവർത്തിച്ച് നൽകിയ തുക തിരികെ ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.
നിരാകരിച്ച തുക- 9518/-രൂപ
ഓഡിറ്റ് എൻക്വയറി നം.2/25.2.22

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 26.02.2022 | കെ.എസ്.എ-കെ.എൽ.എം.പി.2/356/22 തീയതി. 23.5.22 |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ്(രൂപ) | ബാലൻസ് |
|---|---|---|---|---|---|
| നീണ്ടകര ഗ്രാമപഞ്ചായത്ത് | 2019-20 | 70000/- | പി.എം.എ.വൈ | 70000/- | - |
| ചവറ ഗ്രാമപഞ്ചായത്ത് | 2019-20 | 70000/- | പി.എം.എ.വൈ | 70000/- | - |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ | ജി.ഒ.എം.എസ്.90/13 /എൽ.എസ്.ജി.ഡി /14.3.17 | 1.45 Cr | 55942/- | - | | 55942/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1997-98 | 2001-02 | 2-11-(1) | വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |
| | | 2-11-(2) | സ്വകാര്യ നേഴ്സറി-അനധികൃതമായി തുക നൽകി | അക്കൗണ്ട്സ് കമ്മറ്റിയുടെ |

| | | | |
|---|---|---|---|
| | | | പരിഗണനയിൽ |
| | 2-11-(3) | തയ്യൽ യൂണിറ്റുകൾക്ക് അനധികൃതമായി തുക നൽകി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |
| | 2-11-(4) | പഠനോപകരണങ്ങൾ വിതരണം നിബന്ധനകൾ പാലിച്ചില്ല. | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |
| | 2-11-(5) | ഒരേ വ്യക്തിക്ക് ഒന്നിലധികം പ്രോജക്ടുകളും അഡ്വാൻസുകളും അനുവദിച്ചു. | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5000/- | ശ്രീമതി. സെമിന ബീഗം, പട്ടിക ജാതി വികസന ഓഫീസർ |
| 3-2 | | 9518/- | ശ്രീ. ജോയി റോഡ്സ് എസ്.എസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 53,557/- | ശ്രീമതി. ബബീന മറിയ വൈ, ക്ഷീര വികസന ഓഫീസർ |
| 1-14 | 1,43,56,200/- | ശ്രീ. ജോയി റോഡ്സ് എസ്.എസ്, സെക്രട്ടറി |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോയി റോഡ്സ് എസ്.എസ്, സെക്രട്ടറി | സെക്രട്ടറി ചവറ ബ്ലോക്ക് പഞ്ചായത്ത് | വടക്കടത്ത് തോപ്പിൽ വീട്, കുളങ്ങര ഭാഗം |

| | | |
|---|---|---|
| | | ചവറ |
| ശ്രീമതി. സെമിന ബീഗം<br>പട്ടിക ജാതി വികസന ഓഫീസർ | പട്ടിക ജാതി വികസന ഓഫീസർ, ചവറ | ഹിസീന മൻസിൽ<br>വിസ്മയ നഗർ<br>മങ്ങാട് പി.ഒ<br>കൊല്ലം |
| ശ്രീമതി. ബബീന മറിയ വൈ,<br>ക്ഷീര വികസന ഓഫീസർ | ക്ഷീര വികസന ഓഫീസർ,<br>ചവറ | താമരശ്ശേരി ഹൗസ്,<br>കാവനാട് പി.ഒ<br>കൊല്ലം |
| ശ്രീമതി. ലത.പി.എൻ,<br>വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ,<br>ഓച്ചിറ | പേരിയാട്ടു ഗീതം,<br>കൊല്ലക പി.ഒ<br>കരുനാഗപ്പള്ളി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.-കെ.എൽ.എം./പി2/107/18(1)/തീ.3.3.18 | 4 |
| 1999-00 | - | - |
| 2000-01 മുതൽ 2005-06 വരെ | കെ.എസ്.എ.-കെ.എൽ.എം./പി2/107/18(3)/3.3.18 | 6 |
| 2007-08 | എൽ.എഫ്.ക്യൂ./ഡി.ബി/468/15/12.05.15 | 1 |
| 2008-09 | എൽ.എഫ്.ക്യൂ./ഡി.ബി/2599/14/16.02.15 | 1 |
| 2009-10 | എൽ.എഫ്.ക്യൂ./ഡി.ബി/1542(2)/14/10.7.14 | 1 |
| 2010-11 & 2011-12 | എൽ.എഫ്.ക്യൂ./ഡി.ബി/639/15/12.05.15 | 5 |
| 2012-13 & 2013-14 | കെ.എസ്.എ.-കെ.എൽ.എം./ഡി.ബി1/1758/15/5.2.16 | 13 |
| 2014-15 | കെ.എസ്.എ.-കെ.എൽ.എം./ഡി.ബി/1691/17/2.6.17 | 7 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./പി2/454/17/14.4.18 | 19 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം./പി2/1937/17/23.05.2018 | 10 |
| 2017-18 | കെ.എസ്.എ.-കെ.എൽ.എം./പി2/83/2019/01.04.2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.-കെ.എൽ.എം./പി2/1385/2020/15.01.2021 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്